(ബി) ചികിത്സാ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പുകല്പിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 48676 പേർക്ക് 11,23,70,000 രൂപ ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 12 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനായി നിലവിലുണ്ട്.

(സി) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ

209 (8045) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതി തള്ളുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏതൊക്കെ കാലയളവിൽ എടുത്ത ഏതൊക്കെ വായ്പകളാണ് എഴുതിതള്ളുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയുള്ളതുമായ വായ്പ പലിശയും പിഴപ്പലിശയുമുൾപ്പെടെ 25,000 രൂപ വരെയുള്ളത് എഴുതിത്തള്ളുന്നതിനും അതിന് മുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിരുന്നു. ടി പദ്ധതിയുടെ കാലാവധി 30-6-2013-ന് അവസാനിച്ചു. ഈ സാഹചര്യത്തിൽ 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പട്ടികവർഗ്ഗക്കാരുടെ 50,000 രൂപവരെയുള്ള വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly